പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 1277

20.01.2014-ൽ മറുപടി നൽകേണ്ടത്

## ഹാരിസൺ മലയാളം ലിമിറ്റഡ് ഭൂമി പ്രശ്നം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. സുരേഷ് കുറുപ്പ് | ശ്രീ.അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പ മന്ത്രി) |
| (എ) ഹാരിസൺ മലയാളം ലിമിറ്റഡ് ഭൂമി പ്രശ്നം സംബന്ധിച്ച് ഹൈക്കോടതി വിധിയെത്തുടർന്ന് മാധ്യമങ്ങൾക്ക് പരസ്യം നൽകിക്കൊണ്ട്, ഉന്നയിച്ച അവകാശവാദം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) 11.09.2013-ലെ ദിനപത്രങ്ങളിൽ അച്ചടിച്ചുവന്ന ഹാരിസൺ മലയാളം കമ്പനിയുടെ പരസ്യത്തിൽ പറയുന്ന കാര്യങ്ങൾ വസ്തുതാപരമാണോ; അല്ലെങ്കിൽ അതിനെത്തുടർന്ന് സർക്കാർ സ്വീകരിച്ച നടപടി വിശദമാക്കാമോ; | (ബി) പരസ്യം സർക്കാർ നടപടികളെ സ്വാധീനിച്ചിട്ടില്ല. WP(C) 14251/2012- ലെ 28.02.2013- ലെ ഹൈക്കോടതി വിധിന്യായമനുസരിച്ച് കേരള ഭൂസംരക്ഷണ നിയമ പ്രകാരം നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. |
| (സി) സർക്കാർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള തുടർ നടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണ്; സർക്കാരിന്റെ ഹർജി തള്ളാനിടയായ സാഹചര്യം എന്തായിരുന്നു; സർക്കാർ വാദം ഹൈക്കോടതിയിൽ കർശനമായി ഉന്നയിക്കുന്നതിൽ വീഴ്ച ഉണ്ടായിട്ടുണ്ടോ ; കേസ് തോറ്റതിന്റെ പിന്നിൽ ഇടപെടലുകളുണ്ടായി എന്ന ആരോപണം പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ ? | (സി) M/s. HML- ന്റെ അനധികൃത കൈവശത്തിലുള്ള ഭൂമിയിൽ 1957- ലെ കേരള ഭൂസംരക്ഷണ നിയമ പ്രകാരമുള്ള നടപടികൾ കൈക്കൊള്ളുന്നതിനായി ശ്രീ. എം.ജി. രാജമാണിക്യം,ഐ.എ.എസ്.-നെ സ്പെഷ്യൽ ഓഫീസറായി ചുമതലപ്പെടുത്തിയിട്ടുണ്ട്. കേരള ഭൂ സംരക്ഷണ ചട്ടം (16) പ്രകാരം നോട്ടീസ് നൽകി സ്ഥല പരിശോധന നടത്തുന്ന നടപടികൾ സ്പെഷ്യൽ ഓഫീസർ നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ